2025JANUARY
10
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഓഹരി മ്യൂച്വൽ ഫണ്ട് നിക്ഷേപത്തിൽ 15% വർധന

**മുംബൈ:** ഓഹരി അധിഷ്ഠിത മ്യൂചൽ ഫണ്ടുകളിലേക്കുള്ള നിക്ഷേപ വരവിൽ ഡിസംബറിൽ 15 ശതമാനം വർധന. നവംബറിലെ 35,943 കോടി രൂപയിൽനിന്ന് ഡിസംബറിൽ 41,155 കോടി രൂപയായി.

സെക്ടറൽ, തീമാറ്റിക് ഫണ്ടുകളിലാണ് കൂടുതൽ നിക്ഷേപമെത്തിയത്. 15,331 കോടി രൂപ. മിഡ് ക്യാപ് വിഭാഗത്തിലാകട്ടെ 5,093 കോടിയും ഫ്ളക്സി ക്യാപിൽ 4,730 കോടി രൂപയുമെത്തി.നവംബറിനെ അപേക്ഷിച്ച് സ്മോൾ ക്യാപ് വിഭാഗത്തിൽ നിക്ഷേപ വർധനവ് രേഖപ്പെടുത്തി. 4,111 കോടിയിൽനിന്ന് 4,667 കോടിയായി. ഡിവിഡന്റ് യീൽഡ് ഫണ്ടിൽ 277 കോടി രൂപയും ഫോക്കസ്ഡ് ഫണ്ടിൽ 455 കോടി രൂപയും ഇഎൽഎസ്എസിൽ 187 കോടിയുമാണ് നിക്ഷേപമായെത്തിയത്.2024 കലണ്ടർ വർഷത്തിൽ മ്യൂചൽ ഫണ്ടുകളിലെത്തിയ മൊത്തം നിക്ഷേപം 3.94 ലക്ഷം കോടി രൂപയാണ്. ഇതിൽ തീമാറ്റിക്, സെക്ടറൽ ഫണ്ടുകളിൽ 1.55 ലക്ഷം കോടിയെത്തി. സമാന കാലയളവിൽ ഫ്ളക്സി ക്യാപിലെ നിക്ഷേപം 40,961



കോടി രൂപയാണ്.

കടപ്പത്ര (ഡെറ്റ്)ഫണ്ടുകളിലെ കണക്കെടുത്താൽ ഡിസംബറിലെ മാത്രം നിക്ഷേപം 1.27 ലക്ഷം കോടി രൂപയാണ്. നവംബറിലാകട്ടെ 12,915 കോടി രൂപമാത്രമായിരുന്നു. 16 ഉപവിഭാഗങ്ങളിൽ മീഡിയം ടു ലോങ് ഡ്യൂറേഷൻ ഫണ്ടുകൾ, ഗിൽറ്റ് ഫണ്ടുകൾ, ലോങ് ഡ്യൂറേഷൻ ഫണ്ടുകൾ എന്നിവ ഒഴികെയുള്ള വിഭാഗങ്ങളിൽനിന്ന് വൻതോതിൽ നിക്ഷേപം പിൻവലിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു. ഈ വിഭാഗങ്ങളിലെ ഫണ്ടുകളിൽ യഥാക്രമം 151 കോടി, 343 കോടി, 680 കോടി എന്നിങ്ങനെയാണ് നിക്ഷേപമെത്തിയത്.

ഏറ്റവും കൂടുതൽ നിക്ഷേപം പിൻവലിച്ചത് ലിക്വിഡ് ഫണ്ടുകളിൽനിന്നാണ്. 66,532 കോടി രൂപ. മണി മാർക്കറ്റ് ഫണ്ടിൽനിന്ന് 25,842 കോടിയും സമാന കാലയളവിൽ പിൻവലിച്ചു.

2024 കലണ്ടർ വർഷത്തിൽ 1.60 ലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് ഡെറ്റ് ഫണ്ടുകളിലെത്തിയത്. ഇതിൽതന്നെ മണിമാർക്കറ്റ് ഫണ്ടുകളിൽ 71,311 കോടിയും ലിക്വിഡ് ഫണ്ടുകളിൽ 49,952 കോടിയുമെത്തി. ഹൈബ്രിഡ് വിഭാഗത്തിൽ ആറ് ശതമാനം വർധനവുണ്ടായി. നവംബറിലെ 4,123 കോടി രൂപയെ അപേക്ഷിച്ച് ഡിസംബറിൽ 4,369 കോടി രൂപയായി.മൾട്ടി അസറ്റ് വിഭാഗത്തിൽ 2,574 കോടിയുടെ നിക്ഷേപമെത്തി. ഡൈനാമിക് അസറ്റ് അലോക്കേഷൻ, ബാലൻസ്ഡ് അഡ്വാന്റേജ് വിഭാഗങ്ങളിൽ 1,596 കോടി രൂപയുടെയും നിക്ഷേപം ലഭിച്ചു. ഇൻഡക്സ് ഫണ്ട്, ഇടിഎഫ് എന്നീ വിഭാഗങ്ങളിലെ നിക്ഷേപത്തിൽ കാര്യമായ കുറവുണ്ടായി. നവംബറിലെ 7,061 കോടി രൂപയിൽനിന്ന് ഡിസംബറിൽ 784 കോടിയായാണ് കുറഞ്ഞത്. 89 ശതമാനം ഇടിവ്.




# ജമ്മുവിനെ കശ്മീരുമായി ബന്ധിപ്പിച്ച് പ്രത്യേക വന്ദേഭാരത്; സർവീസ് ഉടൻ

**ശ്രീനഗർ:** ജമ്മുവിനെ കശ്മീരുമായി ബന്ധിപ്പിക്കാൻ എട്ട് കോച്ചുള്ള പ്രത്യേക വന്ദേഭാരത് തീവണ്ടി തയ്യാറായി. ജമ്മുശ്രീനഗർ വന്ദേഭാരത് എക്സ്പ്രസ് കത്രയ്ക്കും ശ്രീനഗറിനും ഇടയിൽ ഉടൻ ഓടിക്കും. കശ്മീർ താഴ്വരയുമായി ബന്ധിപ്പിക്കുന്ന 111 കിലോമീറ്റർ കത്രബനിഹാൽ സെക്ഷനിൽ അന്തിമപരിശോധന തുടങ്ങി.

കശ്മീരിനെ കന്യാകുമാരിയുമായി ബന്ധിപ്പിക്കുന്നതിന്റെ സുപ്രധാന ഘട്ടമാണിത്. കേബിൾ നിർമിത അഞ്ജി പാലത്തിൽ ഭാരപരിശോധനയും പൂർത്തിയായി. ലോകത്ത് ഏറ്റവും ഉയരമുള്ള ചെനാബ് ആർച്ച് പാലം നേരത്തേ സജ്ജമാക്കി. പാളത്തിലെ മഞ്ഞുവീഴ്ച മാറ്റാൻ പ്രത്യേക വണ്ടി മുന്നിൽ ആദ്യം ഓടിക്കും.

ഹിമാലയൻ ഭൂപ്രദേശങ്ങൾ ഭൂകമ്പ അപകടസാധ്യത വരുന്നതിനാൽ പ്രത്യേക ഭൂചലന നിരീക്ഷണ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കശ്മീരിൽ ഓടുന്ന എട്ട് കോച്ച് വന്ദേഭാരത് രാജ്യത്തെ മറ്റു വന്ദേഭാരതുകളിൽനിന്ന് വ്യത്യസ്തമാണ്. ചെന്നൈ ഇന്റഗ്രൽ കോച്ച് ഫാക്ടറി തന്നെയാണ് ഇതും നിർമിച്ചത്.

# പി. ജയചന്ദ്രൻ അന്തരിച്ചു



**തൃശൂർ:** മലയാളത്തിന്റെ ഭാവഗായകൻ പി. ജയചന്ദ്രൻ അന്തരിച്ചു. തൃശൂരിലായിരുന്നു അന്ത്യം. എൺപത് വയസായിരുന്നു അദ്ദേഹത്തിന്. അസുഖബാധിതനായി ഏറെ നാളായി ചികിത്സയിലായിരുന്നു.

1986ൽ മികച്ച ഗായകനുള്ള കേന്ദ്ര ചലച്ചിത്ര പുരസ്കാരത്തിന് അർഹനായി. അഞ്ച് തവണ കേരളത്തിലും നാല് തവണ തമിഴ്നാട്ടിലും സംസ്ഥാന പുരസ്കാരവും സ്വന്തമാക്കി. ചലച്ചിത്ര പുരസ്കാരമായ ജെ.സി. ഡാനിയൽ അവാർഡും ലഭിച്ചിട്ടുണ്ട്.

എറണാകുളം രവിപുരത്ത് 1944 മാർച്ച് മൂന്നിനു ജനനം. കൊച്ചി രാജകുടുംബാഗമായിരുന്ന രവിവർമ കൊച്ചനിയൻ തമ്പുരാൻറെയും പാലിയത്ത് സുഭദ്രക്കുഞ്ഞമ്മയുടെയും അഞ്ച് മക്കളിൽ മൂന്നാമൻ. പിന്നീട്, കുടുംബം തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിലേക്കു താമസം മാറി. ലളിതയാണ് ജയചന്ദ്രൻറെ ഭാര്യ. മക്കൾ: ലക്ഷ്മി, ദിനാനാഥ്.

1958ൽ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മൃദംഗത്തിൽ ഒന്നാം സ്ഥാനവും ലളിത ഗാനത്തിൽ രണ്ടാം സ്ഥാനവും നേടിക്കൊണ്ടാണ് കേരളത്തിൻറെ കലാരംഗത്ത് ജയചന്ദ്രൻ ആദ്യമായി വ്യക്തിമുദ്ര പതിപ്പിക്കുന്നത്. ഇതേ കലോത്സവത്തിലാണ് ശാസ്ത്രീയ സംഗീത മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കെ.ജെ. യേശുദാസുമായി അദ്ദേഹം പരിചയപ്പെടുന്നതും.

1967ൽ പുറത്തിറങ്ങിയ ഉദ്യോഗസ്ഥ എന്ന സിനിമയിൽ ബാബുരാജ് ഈണമിട്ട "അനുരാഗഗാനം പോലെ..." എന്ന പാട്ടിലൂടെ ജയചന്ദ്രൻ മലയാള സിനിമ സംഗീത ലോകത്ത് ചുവടുറപ്പിച്ചു. തുടർന്ന് നിൻമണിയറയിലെ (1971), നീലഗിരിയുടെ (1972), മലയാള ഭാഷതൻ (1973) എന്നിങ്ങനെ തുടർച്ചയായി ഹിറ്റുകൾ. നീലഗിരിയുടെ സഖികളേ എന്ന ഗാനം ആദ്യത്തെ സംസ്ഥാന പുരസ്കാരവും അദ്ദേഹത്തിനു നേടിക്കൊടുത്തു.1985ൽ പുറത്തിറങ്ങിയ ശ്രീനാരായണ ഗുരു എന്ന ചിത്രത്തിലെ, ജി. ദേവരാജൻ ഈണമിട്ട, ശിവശങ്കര ശർവ ശരണ്യ വിഭോ എന്ന ഗുരുകൃതിയിലൂടെ തൊട്ടടുത്ത വർഷം ദേശീയ പുരസ്കാരത്തിനും അർഹനായി.തമിഴിൽ പ്രമുഖ സംഗീത സംവിധായകൻ ഇളയരാജയുമൊത്ത് നിരവധി എവർഗ്രീൻ ഹിറ്റുകൾ ജയചന്ദ്രൻ ആസ്വാദകർക്കു സമ്മാനിച്ചു. രാസാത്തി ഉന്നൈ, കാത്തിരുന്ത് കാത്തിരുന്ത് എന്നിവ അവയിൽ ചിലതു മാത്രം.



സൊസൈറ്റി ടുഡേ SOCIETY TODAY

# തിരുവൈരാണിക്കുളം ക്ഷേത്രം നടതുറപ്പ് മഹോത്സവം 12 മുതൽ 23 വരെ

**കാലടി :** തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രത്തിലെ ശ്രീപാർവ്വതിദേവിയുടെ നടതുറപ്പ് മഹോത്സവം ജനുവരി 12 മുതൽ 23 ജനുവരി വരെ നടക്കുമെന്ന് ക്ഷേത്രസമിതി പ്രസിഡന്റ് പി. യു രാധാകൃഷ്ണൻ, സെക്രട്ടറി എ. എൻ മോഹനൻ വൈസ് പ്രസിഡന്റ് നന്ദകുമാർ, പബ്ലിസിറ്റി കൺവീനർ എം എസ് അശോകൻ, അടൂർ മന കാരണവർ കുഞ്ഞനുജൻ നമ്പൂതിരിപ്പാട് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അകവൂർ മനയിലെ ശ്രീരാമസ്വാമി ക്ഷേത്രത്തിൽ നിന്നും വാദ്യമേളങ്ങളുടെയും പൂക്കാവടിയുടേയും അകമ്പടിയോടെ തിരുവാഭരണഘോഷയാത്ര ജനുവരി 12 ന് വൈകിട്ട് 4.30 ന് ആരംഭിക്കുന്നതോടെ നടതുറപ്പ് ഉത്സവാഘോഷങ്ങൾക്ക് തുടക്കമാകും. തിരുവാഭരണഘോഷയാത്ര ക്ഷേത്രത്തിൽ പ്രവേശിച്ചശേഷം രാത്രി 8 ന് പ്രത്യേക ആചാരങ്ങളോടെയാണ് നട തുറക്കുന്നത്. തുടർന്ന് ഭക്തർ ദർശനം നടത്തിയശേഷം രാത്രി 10 ന് നട അടക്കും. നടക്കൽ തിരുവാതിര കളിയും പൂത്തിരുവാതിര ചടങ്ങുകളും നടക്കും. തുടർന്നുള്ള ദിവസങ്ങളിൽ രാവിലെ 4 മുതൽ രാത്രി 9 വരെ ദർശനത്തിനായി ക്ഷേത്ര നട തുറന്നിരിക്കും. ഭക്തർക്ക് ദർശനത്തിനായി ക്യൂ നിൽക്കുന്നതിനായി 50,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പന്തലുകൾ ഒരുക്കിയിട്ടുണ്ടെന്നും ക്ഷേത്രസമിതി ഭാരവാഹികൾ പറഞ്ഞു.





## വാഹന പാർക്കിംഗിന് ആറ് ഗ്രൗണ്ടുകൾ

ഭക്തജനങ്ങളെത്തുന്ന വാഹനങ്ങൾക്ക് പാർക്കിംഗിനായി ക്ഷേത്രത്തിന്റെ 6 പാർക്കിംഗ് ഗ്രൗണ്ടുകളും സ്വകാര്യ പാർക്കിംഗ് ഗ്രൗണ്ടുകളും തയാറാക്കിയിട്ടുണ്ട്. തെക്കൻ ജില്ലകളിൽ നിന്ന് വരുന്ന ബസ് പോലുള്ള വലിയ വാഹനങ്ങൾ ആലുവഅങ്കമാലി റോഡിൽ ദേശം കവലയിൽ നിന്നോ ആലുവ പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി റോഡിലെ മഹിളാലയം പാലത്തിലൂ ടെയോ തിരിഞ്ഞ് ശ്രീമൂലനഗരം വല്ലം റോഡിൽ പ്രവേശിച്ച് ക്ഷേത്രത്തിൽ എത്തിച്ചേരാം. കോട്ടയം ഭാഗത്ത് നിന്ന് വരുന്ന വാഹനങ്ങൾ പെരുമ്പാവൂർ, അങ്കമാലി എം.സി റോഡിൽ വല്ലം ജംഗ്ഷനിൽ നിന്ന് ഇടത്തേക്ക് തിരിഞ്ഞോ അല്ലെങ്കിൽ കാലടിയിൽ നിന്ന് ഇടത് വശത്തേക്ക് തിരിഞ്ഞോ ക്ഷേത്രത്തിൽ എത്തി ച്ചേരാം. തെക്കൻ ജില്ലകളിൽ നിന്നെത്തുന്ന ചെറു വാഹനങ്ങൾക്ക് മാറമ്പിള്ളി ശ്രീമൂലം പാലം കടന്ന് സൗപർണ്ണിക പാർക്കിംഗ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യാം. മാറമ്പിള്ളി പാലം വഴി വരുന്ന വലിയ വാഹനങ്ങൾക്ക് ക്ഷേത്രത്തിന്റെ സൗപർണ്ണിക പാർക്കിംഗ് ഗ്രൗണ്ടിന് സമീപം ആളുകളെ ഇറക്കിയതിനുശേഷം മാറമ്പിള്ളി പാലത്തിന് സമീപമുള്ള പാർക്കിംഗ് ഗ്രൗണ്ടിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. വെർചൽ ക്യൂ ബുക്ക് ചെയ്തിട്ടുള്ളവർക്ക് ബാർകോഡ് അടങ്ങിയ ബുക്കിംഗ് രസീത് ദേവസ്വം പാർക്കിംഗ് ഗ്രൗണ്ടുകളായ കൈലാസം, സൗപർണ്ണിക, തിരുവൈരാണിക്കുളം ജംഗ്ഷൻ എന്നിവിടങ്ങളിലെ വെർചൽ ക്യൂ വെരിഫിക്കേഷൻ കൗണ്ടറിൽ കാണിച്ച് ദർശന പാസ് വാങ്ങി ക്ഷേത്രത്തിൽ പ്രവേശിക്കാവുന്നതാണ്.

## ദർശനത്തിന് വെർച്ചൽ ക്യൂ സംവിധാനവും

**വെബ് സൈറ്റ് www.thiruvairanikkulamtemple.org**

പ്രധാന വഴിപാടുകളായ പട്ട്, പുടവ, ഇണപ്പുടവ, താലി, തൊട്ടിൽ, വാൽക്കണ്ണാടി തുടങ്ങിയവ ദേവിക്ക് സമർപ്പിക്കുന്നതിനും പുഷ്പാഞ്ജലികൾ, ധാര തുടങ്ങിയ വഴിപാടുകൾ നടത്തുന്നതിനും ക്യൂവിൽ തന്നെ കൗണ്ടറുകൾ ഒരുക്കിയിട്ടുണ്ട്. സാധാരണ ക്യൂ കൂടാതെ മുൻകൂട്ടി ദർശന ദിവസവും സമയവും ബുക്ക് ചെയ്ത് ദർശനം നടത്തുന്നതിന് വെർചൽ ക്യൂ സംവിധാനവും തയാറാക്കിയിട്ടുണ്ട്. ക്ഷേത്രത്തിന്റെ വെബ് സൈറ്റായ www.thiruvairanikkulamtemple.org സന്ദർശിച്ച് വെർചൽ ക്യൂ ബുക്ക് ചെയ്യാവുന്നതാണ്. ഭക്തജനങ്ങൾക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി പൊലീസ് സേനക്കുപുറമേ പൈവറ്റ് സെക്യൂരിറ്റി ഗാർഡുകളും വോളണ്ടിയർമാരും ഉണ്ടാകുമെന്നും ഭാരവാഹികൾ വ്യക്തമാക്കി.

കേരള പോലീസിന്റെ നേതൃത്വത്തിലാണ് ഗതാഗത നിയന്ത്രണം.ദർശനത്തിനുശേഷം പ്രധാന വഴിപാടുകളായ മഞ്ഞൾപ്പറ, എള്ള് പറ തുടങ്ങി യവ നിറക്കുന്നതിനും സൗകര്യമുണ്ടാകും.

ദേവി പ്രസാദമായ അരവണ പായസം, അപ്പം, അവൽ നിവേദ്യങ്ങൾക്കായി ക്ഷേത്രത്തിൽ പ്രത്യേക കൗണ്ടറുകൾ ഉണ്ടാകും. പ്രസാദകിറ്റും ലഭ്യമാണ്. എല്ലാ ദിവസവും രാവിലെ 9.30 മുതൽ അന്നദാന മണ്ഡപത്തിൽ അന്നദാനം ഉണ്ടായിരിക്കും.



## കെഎസ്ആർടിസി സ്പെഷ്യൽ സർവ്വീസ് നടത്തും

കെ.എസ്.ആർ.ടി.സി ആലുവ, പെരുമ്പാവൂർ, അങ്കമാലി, ചാലക്കുടി ഡിപ്പോക ളിൽ നിന്ന് ക്ഷേത്രത്തിലേക്ക് സ്പെഷ്യൽ ബസ് സർവ്വീസുകൾ നടത്തും കൂടാതെ തീർത്ഥാടന പാക്കേജിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി യുടെ ദീർഘദൂര സർവ്വീസുകളുമുണ്ടാകും. ഭക്തജനങ്ങളുടെ സുരക്ഷക്കായി പോലീസ്,ഫയർ ആൻഡ് റെസ്ക്യൂ, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമായിരിക്കും. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ക്ഷേത്രത്തിനു സമീപത്തുള്ള മാറമ്പിള്ളി പി.എച്ച്.സിയിലും ശ്രീമൂലനഗരം എഫ്.എച്ച്.സിയിലും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്തർക്ക് കുളിക്കുന്നതിനായി പെരിയാറിലെ ക്ഷേത്ര ആറാട്ട് കടവ് ഉപയോഗിക്കാവുന്നതാണ്. ഹരിത പ്രോട്ടോക്കോളിന്റെ ഭാഗമായി ഭക്തർ ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസിറ്റിക് പൂർണ്ണമായും ഒഴിവാക്കണമെന്നും ക്ഷേത്രസമിതി ഭാരവാഹികൾ അഭ്യർഥിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വിജ്ഞാന ആലപ്പുഴ പദ്ധതി: തൊഴിൽമേള ഫെബ്രുവരി ഒന്നിന്; നാല് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ

**ആലപ്പുഴ:** ജില്ലാ പഞ്ചായത്തിന്റെ വിജ്ഞാന ആലപ്പുഴ പദ്ധതിയുടെ ഭാഗമായി ഫെബ്രുവരി ഒന്നിന് നടത്തുന്ന മെഗാ തൊഴിൽമേള മുഖ്യമന്ത്രി പിണറായി വിജയൻ ആലപ്പുഴ എസ്. ഡി കോളേജിൽ ഉദ്ഘാടനം ചെയ്യുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി പത്രസമ്മേളനത്തിൽ അറിയിച്ചു.

പദ്ധതിയുടെ ഭാഗമായ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡി ഡബ്ല്യൂ എം എസ്) എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിൽ ജില്ലയിൽ ഇതുവരെ 1.20 ലക്ഷം ആളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ തൊഴിലന്വേഷകരായി 27,000 ത്തോളം ആളുകളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട് എന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. കെഡിസ്കുമായി സഹകരിക്കുന്ന വിവിധ തൊഴിൽ സമാഹരണ ഏജൻസികളിലൂടെ നാല് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പത്താംതരം മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള വിവിധ വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ചുള്ള തൊഴിലവസരങ്ങളാണുള്ളത്.

സംസ്ഥാന സർക്കാർ, കേരള നോളജ് ഇക്കോണമി മിഷൻ(കെ കെ ഇ എം), കെഡിസ്ക് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജില്ലയിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് സംസ്ഥാനത്തിനകത്തും പുറത്തും വിദേശത്തും തൊഴിലവസരങ്ങൾ ലഭ്യമാക്കുക, ആവശ്യമെങ്കിൽ അവരെ നൈപുണ്യ പരിശീലനം നൽകി തൊഴിലിലേക്ക് സജ്ജമാക്കുകയും ചെയുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് കെ ജി രാജേശ്വരി പറഞ്ഞു.

പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ അഭ്യസ്തവിദ്യരായ മുഴുവൻ തൊഴിലന്വേഷകരെയും കണ്ടെത്തുകയും ഉചിതമായ തൊഴിലവസരങ്ങളിൽ അവരെ സജ്ജരാക്കുന്നതിനാവശ്യമായ നൈപുണ്യ പരിശീലനം നൽകുകയുമടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ കഴിഞ്ഞ ആറുമാസത്തിലധികമായി നടന്നു വരുന്നു.

ജില്ലയിലെ 12 ബ്ലോക്കുകളിലും ആറു നഗരസഭകളിലും ജോബ് സ്റ്റേഷനുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. പ്രാദേശികമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ഇന്ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് ആലപ്പുഴ കളക്ടറേറ്റിലും 14 ന് എറണാകുളത്തും വിവിധ വ്യവസായ സ്ഥാപന മേധാവികളുമായി കൂടിക്കാഴ്ച്ച നടത്തുന്നുണ്ട്. ജില്ലയിലെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കരിയർ ജോബ് ഡ്രൈവുകളും വരും ദിവസങ്ങളിൽ സംഘടിപ്പിക്കും. ജനുവരി 14, 15 തീയതികളിലായി ബ്ലോക്കുകളിലെ തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനവും സംഘടിപ്പിക്കും. ഇതോടൊപ്പം വിദേശരാജ്യങ്ങളിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് നോർക്ക, ഒഡേപെക് തുടങ്ങിയ സ്ഥാപനങ്ങളുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്.

ഫെബ്രുവരി ഒന്നിന് നടക്കുന്ന മെഗാ തൊഴിൽമേളയുടെ മുന്നോടിയായി ജനുവരി 16 ന് ഉച്ചയ്ക്ക് ശേഷം മൂന്ന് മണിക്ക് എസ്.ഡി. കോളേജിൽ സംഘാടക സമിതി രൂപീകരണ യോഗം നടക്കും. ഇതുവരെ ഈ തൊഴിൽമേളയിൽ പങ്കെടുക്കാമെന്ന് അറിയിച്ചിട്ടുള്ള സ്ഥാപനങ്ങളിലാകെ മുപ്പതിനായിരത്തോളം തൊഴിലവസരങ്ങൾ ലഭ്യമാണ്. ഇതിന്റെ തുടർച്ചയായി വരും മാസങ്ങളിലും തൊഴിൽമേളകൾ നടത്തുമെന്ന് കെ ജി രാജേശ്വരി പറഞ്ഞു. ജില്ലയിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർ ഫെബ്രുവരി 1 ന് നടക്കുന്ന തൊഴിൽമേളയിൽ ലഭ്യമാകുന്ന തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

ആറ് മാസത്തിനുള്ളിൽ ജില്ലയിലെ 25000 തൊഴിലന്വേഷകർക്ക് തൊഴിൽ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി ഒന്നാംഘട്ട തൊഴിൽമേളയാണ് സംഘടിപ്പിക്കുന്നത്.

രജിസ്ട്രേഷൻ നടത്താൻ താൽപ്പര്യമുള്ളവർക്ക് ഡി ഡബ്ല്യൂ എം എസ് പോർട്ടൽ വഴിയോ പ്ലേ സ്റ്റോറിൽ നിന്ന് ഡി ഡബ്ല്യൂ എം എസ് കണക്ട് ആപ്പ് ഡൗൺലോഡ് ചെയ്തോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വേേു:സിീംലഹറഴലാശ ശൈീ .സല്യമഹമ .ഴീ.ശി/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന പത്രസമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി, സ്ഥിരം സമിതി അംഗം എം വി പ്രിയ, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. ആർ റിയാസ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ ആർ ദേവദാസ്, വിജ്ഞാന ആലപ്പുഴ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ സി കെ ഷിബു, കെ ഡിസ്ക് ഫാക്കൽറ്റി പ്രിൻസ് എബ്രഹാം, കെ കെ ഇ എം ജില്ലാ പ്രോഗ്രാം മാനേജർ ഡാനി വർഗീസ് എന്നിവർ പങ്കെടുത്തു.



# ഡിസ്ട്രിക്റ്റ് കളക്ടേഴ്സ് ട്രോഫി ക്വിസ്: ഭവൻസ് ഗിരിനഗർ ജേതാക്കൾ

**കൊച്ചി:** ജില്ലാ ഭരണകൂടം സംഘടിപ്പിക്കുന്ന ഐക്യൂഎ ഔദ്യോഗിക ജില്ലാ ക്വിസ് ചാമ്പ്യൻഷിപ്പിൽ ഭവൻസ് ഗിരി നഗർ ചാംപ്യന്മാരായി. ഇടപ്പള്ളി അൽ അമീൻ പബ്ലിക് സ്കൂളിലായിരുന്നു മൽസരം. ഭവൻസ് ഗിരിനഗറിനായി മൽസരിച്ച കിരൺ തോമസ് ടൈസൺ, നകുൽ എ ആർ എന്നിവർ ഐക്യുഎ കേരള ചീഫ് പാട്രനും കൊച്ചി മെട്രോ എംഡിയുമായ ലോകനാഥ് ബഹ്റയിൽ നിന്നും ഡിസ്ട്രിക്റ്റ് കലക്റ്റേഴ്സ് ട്രോഫി ഏറ്റുവാങ്ങി. ഭവൻസ് എളമക്കരയുടെ ഹരിത് മോഹൻ, അക്ഷയ് നാരായണൻ എന്നിവർ രണ്ടാം സ്ഥാനവും, ഇഷാൻ ആർ മേനോനും ധീരജ് എസ് നമ്പ്യാരും മൂന്നാം സ്ഥാനവും നേടി. കൊച്ചി നേവി ചിൽഡ്രൻ സ്കൂളിലെ സൗമിൽ ആനന്ദ്, അയാൻ ഹാഷിം എന്നിവരാണ് നാലാം സ്ഥാനം കരസ്ഥമാക്കിയത്.ജില്ലയിലെ 30 ഓളം സ്കൂളുകളിൽ നിന്ന് 80 ലധികം മൽസരത്തിൽ പങ്കെടുത്തു. സ്നേഹജ് ശ്രീനിവാസാണ് മത്സരം നിയന്ത്രിച്ചത്.ഫോർട്ട് കൊച്ചി സബ് കലക്റ്റർ കെ മീര മൽസരം ഉദ്ഘാടനം ചെയ്തു. ഓൾ കേരള സി. ബി. എസ്. ഇ സ്കൂൾ മാനേജ്മെൻറ് അസോസിയേഷൻ പ്രസിഡൻറും, അൽ. അമീൻ പബ്ലിക് സ്കൂൾ ഇടപ്പള്ളി മാനേജറുമായ ടി. പി. എം ഇബ്രാഹിം ഖാൻ, സുജാത എസ് പ്രിൻസിപ്പാൾ, നഹാസ് അഷ്റഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പ്രദീപ് എ ആർ പ്രസിഡന്റ് ഐക്യൂഎ എറണാകുളം, ഡോ എം പി രാംനാവസ് ഡയറക്ടർ പ്രൊജക്റ്റ്സ് കൊച്ചി മെട്രോ, സന്ദീപ് ശരത് മോഹൻ കെ ശ്രീ ഗോകുലം ഗ്രൂപ്പ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.




# കാഴ്ചപരിമിതിയുള്ള വനിതകൾക്കായുള്ള ദേശീയ ടി20 ക്രിക്കറ്റ് ടൂർണ്ണമെന്റ് കൊച്ചിയിൽ

**കൊച്ചി:** കാഴ്ചപരിമിതിയുള്ള വനിതകളുടെ ഇൻഡസ്ഇൻഡ് ബാങ്ക് ദേശീയ ടി20 ക്രിക്കറ്റ് ടൂർണ്ണമെന്റ് ജനുവരി 13 മുതൽ കൊച്ചിയിൽ നടക്കും. ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ ഇന്ത്യയും (സി.എ.ബി.ഐ) ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ കേരളയും(സി.എ.ബി.കെ)യും ചേർന്ന് സംഘടിപ്പിക്കുന്ന ടൂർണമെന്റ് സമർത്തനം ട്രസ്റ്റ് ഫോർ ഡിസേബിൾഡിന്റെ സഹകരണത്തോടെയാണ് നടത്തുന്നത്. തൃപ്പൂണിത്തുറ പാലസ് ഓവൽ ഗ്രൗണ്ട്, ആലുവ യു. സി. കോളേജ് ഗ്രൗണ്ട്, കളമശ്ശേരി സെന്റ് പോൾസ് കോളേജ്, അങ്കമാലി ഫിസാറ്റ് കോളേജ്, ആലുവ ബ്ലൈൻഡ് സ്കൂൾ ഗ്രൗണ്ട് എന്നിവിടങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്.അഞ്ച് ഗ്രൂപ്പുകളിലായി 19 ടീമുകളാണ് പങ്കെടുക്കുന്നത്. ടൂർണ്ണമെന്റിലെ ലീഗ് മത്സരങ്ങളും ക്വാർട്ടർ ഫൈനലും ജനുവരി 16ഓടെ പൂർത്തിയാകും. ജനുവരി 17നാണ് സെമിഫൈനൽ മത്സരങ്ങൾ. ജനുവരി 18ന്, തൃപ്പൂണിത്തുറയിലെ പാലസ് ഓവലിൽ വെച്ചാണ് ഫൈനൽ. ആകെ 34 മത്സരങ്ങളാണ് ടൂർണ്ണമെന്റിലുള്ളത് . ഇതാദ്യമായാണ് 19 ടീമുകൾ ഈ പരമ്പരയിൽ പങ്കെടുക്കാനെത്തുതെന്ന് ലോക ബ്ലൈൻഡ് ക്രിക്കറ്റ് കൗസിലിന്റെ (ഡബ്ള്യൂ.ബി.സി.സി) സെക്രട്ടറി ജനറൽ രജനീഷ് ഹെന്റി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ജനങ്ങൾക്കിടയിൽ ഈ ക്രിക്കറ്റ് ഇനത്തിന് കിട്ടിയ സ്വീകാര്യതയാണ് ഇത് സൂചിപ്പിക്കുതെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിൽ നിന്നും ഇന്ത്യയെ പ്രതിനിധീകരിച്ച ആദ്യ വനിതാ ക്രിക്കറ്റ് താരം മിന്നു മണിയാണ് ടൂർണ്ണമെന്റിന്റെ ബ്രാൻഡ് അംബാസഡർ. മുൻ ദേശീയ ടൂർണമെന്റിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് 19 ടീമുകളെയും പ്രത്യേക ഗ്രൂപ്പുകളായി തിരിച്ചിട്ടുള്ളത്. മുൻപ് നാല് തവണ നടന്ന പരമ്പരയിൽ മൂന്നിലും ഒഡിഷയാണ് ജേതാക്കളായത്. 2022ൽ കർണാടകയാണ് കപ്പ് ഉയർത്തിയത്. നാല് തവണയും ഫൈനലിൽ എത്തിയതും ഈ രണ്ട് ടീമുകളായിരുന്നു.ടൂർണമെന്റിന്റെ ഉദ്ഘാടനം ജനുവരി 12ന് ദർബാർ ഹാൾ ഗ്രൗണ്ടിൽ മന്ത്രി ശ്രീമതി. ഡോ. ആർ. ബിന്ദു നിർവഹിക്കും. . സി.എ.ബി.കെ വൈസ് പ്രസിഡന്റ് എബ്രഹാം ജോർജ്, സി.എ.ബി.ഐ ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ ധീരജ് സെക്യൂയ്റ എന്നിവരും വാർത്ത സമ്മേളനത്തിൽ പങ്കെടുത്തു.






# എഒഐകോൺ 25 ജസ്റ്റിസ് എ.കെ ജയശങ്കരൻ നമ്പ്യാർ ഇന്ന് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ ദേശീയ സമ്മേളനമായ എഒഐകോൺ 25 ന്റെ ഒദ്യോഗിക ഉദ്ഘടാനം ഇന്ന് (ജനുവരി 10 , വെള്ളി) എറണാകുളം ലേ മെരീഡിയനിൽ നടക്കും.  വൈകുന്നേരം 5.30 ന് ചേരുന്ന യോഗത്തിൽ കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ.കെ ജയശങ്കരൻ നമ്പ്യാർ സമ്മേളനം ഉദ്ഘാടനം ചെയ്യും. എഒഐ ദേശീയ പ്രസിഡന്റ് ഡോ.ശങ്കർ ബി. മെഡിക്കേരി അധ്യക്ഷ്ത വഹിക്കും.ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. ജേക്കബ് എബ്രഹാം മുഖ്യ അതിഥിയായിരിക്കും. ഡോ. അച്ചൽ ഗുലാട്ടി, ഡോ. ജയകുമാർ മേനോൻ, ഡോ. എ. എം സഹാ എന്നിവരെ ലൈഫ് ടൈം അച്ചീവ്മന്റ് പുരസ്കാരം നൽകി ചടങ്ങിൽ ആദരിക്കും. സമ്മേളനത്തിന്റെ ആദ്യ ദിവസമായ ഇന്നലെ ഇഎൻടി ഡോക്ടർമാർക്കും മെഡിക്കൽ വിദ്യാർഥികൾക്കുമായി തൽസമയ ശസ്ത്രക്രിയകളും പരിശീലനങ്ങളുമാണ് നടന്നത്. 2500 ലധികം ഡോക്ടർമാർ പങ്കെടുത്തു.

രണ്ടാം ദിവസമായ ഇന്ന് (ജനുവരി 10 , വെള്ളി) രാവിലെ ഒമ്പതു മുതൽ പ്രബന്ധങ്ങളുടെ അവതരണങ്ങൾ,  വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചകൾ, മെഡിക്കൽ പിജി വിദ്യാർഥികൾക്ക് ക്വിസ് മൽസരങ്ങൾ, സീനിയർ കൺസൾട്ടൻസിനും ജൂനിയർ കൺസൾട്ടൻസ് വിഭാഗങ്ങൾക്കുള്ള പ്രബന്ധ അവതരണ മൽസരം, സർജിക്കൽ വീഡിയോ പ്രസന്റേഷൻ, പോസ്റ്റർ പ്രസന്റേഷൻ മൽസരങ്ങൾ, റിസർച്ച് പേപ്പർ അവതരണ മൽസരങ്ങൾ എന്നിവ നടക്കും

# എഒഐകോൺ 2025: പ്രബന്ധ അവതരണത്തിന് 12 വിദേശ ഡോക്ടർമാർ

**കൊച്ചി:** ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ ദേശീയ സമ്മേളനമായ എഒഐകോൺ 2025 ൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ വിദേശ രാജ്യങ്ങളിലെ വിദഗ്ദ ഡോക്ടർമാരും എത്തും.

അമേരിക്കയിൽ നിന്നും ഡോ. അമൽ ഇസയ്യ, ഓസ്ട്രേലിയയിൽ നിന്നും ഡോ. റിച്ചാർഡ് ഹാർവേ, ജർമ്മനിയിൽ നിന്നും ഡോ. തോമസ് ലെനാറസ്, ഡോ. മൈക്കിൾ സ്ട്രിപ്പ്, റക്ഷ്യയിൽ നിന്നും അലസാദ്ര ബൊധീന, യു കെയിൽ നിന്ന് വരുന്നത് ഇന്ത്യാക്കാരനായ നിർമ്മൽ കുമാർ ഉൾപ്പെടെയുള്ളവരാണ് എത്തുന്നത്. കോക്ലിയർ ഇംപ്ലാന്റേഷൻ, എൻഡോസ്കോപിക്ക് സ്കൾ ബേസ് സർജറി, ഇയർ ബാലൻസിംഗ് പ്രശ്നംമൂലമുണ്ടാകുന്ന തലകറക്കം, എൻഡോസ്കോപ്പി സർജറി, കുട്ടികളിലെ ഇഎൻടി പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിലാണ് പ്രബന്ധം അവതരിപ്പിക്കുന്നത്.

ഇതു കൂടാതെ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 250 ലധികം ഡോക്ടർമാരും വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ആയിരത്തിലധികം പ്രബന്ധങ്ങളാണ് ആകെ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെടുന്നത്.

ഇതിൽ 700 ഓളം മൽസര വിഭാഗഭങ്ങളിലാണ് അവതരിപ്പിക്കുന്നത്.

# കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ഉണർവേകും : ഡോ.എം.എം.ഹനിഷ്


ഡോ. എം.എം.ഹനീഷ്

**കൊച്ചി:** നാലു ദിവസമായി എറണാകുളം ലേ മെറീഡിയനിൽ നടക്കുന്ന ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ 76ാമത് ദേശീയ സമ്മേളനം ' എഒഐകോൺ 2025 കേരളത്തിന്റെ വിനോദ സഞ്ചാരമടുക്കമുള്ള വിവിധ മേഖലകൾക്ക് വലിയ സാമ്പത്തിക നേട്ടമായിരിക്കും സമ്മാനിക്കുകയെന്ന് സംഘാടക സമിതി കൺവീനർ ഡോ. എം.എം.ഹനീഷ് അഭിപ്രായപ്പെട്ടു.

രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നുമായി നാലായിരത്തോളം പ്രതിനിധികളും അവരുടെ കുടുംബങ്ങളും ഒരേ സമയം കേരളത്തിന്റെ സാമ്പത്തിക തലസ്ഥാനമെന്നറിയപ്പെടുന്ന കൊച്ചിയിലേക്ക് ഒഴുകിയെത്തുമ്പോൾ സാമ്പത്തികമായി അതിന്റെ പ്രയോജനം ലഭിക്കുന്നത് ചെറിയ പെട്ടിക്കടകൾ മുതൽ ഫൈവ് സ്റ്റാർ ഹോട്ടലുകൾവരെയും, എയർലൈൻ, ട്രെയിൻ,ഓട്ടോ, ടാക്സി, ഷോപ്പിംഗ് മാളുകൾക്കും കൊച്ചി, ആലപ്പുഴ,കുമരകം,മൂന്നാർ അടക്കമുള്ള വിനോദ സഞ്ചാരമേഖലകൾക്കുമായിരിക്കും. എഒഐകോൺ  പോലുള്ള വലിയ ദേശീയ സമ്മേളനങ്ങൾക്ക് കേരളം വേദിയാകുമ്പോൾ കോടിക്കണക്കിനു രൂപയാണ് സംസ്ഥാനത്ത് ചിലവഴിക്കപ്പെടുന്നത്.ഇത് നമ്മുടെ സാമ്പത്തിക മേഖലയുടെ ഉന്നമനത്തിന് ഏറെ ഗുണകരമാണ്.കേരളത്തിലെ വിനോദം,ഗതാഗതം,താമസം അടക്കം സമസ്തമേഖലയ്ക്കും ഇത്തരത്തിലുള്ള സമ്മേളനങ്ങൾ വലിയ ഉണർവ്വാണ് സമ്മാനിക്കുന്നത്.

വലിയ വ്യാപാര സ്ഥാപനങ്ങൾ മുതൽ ചെറിയ രിതിയിലുള്ള കടകൾക്ക് വരെ ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു തരത്തിൽ എഒഐകോൺ 2025 സാമ്പത്തികമായി ഗുണകരമായി മാറുമെന്നാണ് വിലയിരുത്തപ്പെടുന്നത്. നാലായിരത്തോളം മുറികളാണ് എറണാകുളത്തും സമീപ പ്രദേശങ്ങളിലുമായി സമ്മേളന പ്രതിനിധികൾക്കായി ബുക്ക് ചെയ്തിരിക്കുന്നത്, എറണാകുളം നഗരത്തിലെ കൂടാതെ സമീപ പ്രദേശങ്ങളിലെ ഹോട്ടലുകളും റിസോർട്ടുകളുമെല്ലാം നേരത്തെ തന്നെ സമ്മേളനത്തിനായി ബുക്ക് ചെയ്തു കഴിഞ്ഞു. അതു പോലെ തന്നെ രണ്ടായിരത്തോളം ടാക്സികളും സമ്മേളനത്തിന്റെ ഭാഗമായി വാടകയ്ക്ക് ഏർപ്പാടാക്കിയിട്ടുണ്ട്. ദൈനംദിനം തൊഴിൽ ചെയ്യുന്ന ധാരാളം പേർക്ക് എഒഐകോൺ 2025 വഴി നാലു ദിവസങ്ങളിലായി തൊഴിൽ ലഭിക്കുമെന്നും ഡോ. ഹനീഷ് പറഞ്ഞു.

# കേരളത്തിൽ വീണ്ടും എത്തുന്നത്  കാൽനൂറ്റാണ്ടിന് ശേഷം


ഡോ. മാത്യു ഡൊമിനിക്

**കൊച്ചി:** നാലു ദിവസമായി എറണാകുളം ലേ മെറീഡിയനിൽ നടക്കുന്ന ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ ദേശീയ സമ്മേളനത്തിന് കേരളവും കൊച്ചിയും വേദിയാകുന്നത് കാൽ നൂറ്റാണ്ടുനു ശേഷമാണെന്ന് ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ഡോ. മാത്യു ഡൊമിനിക്  പറഞ്ഞു. സംഘടനയുടെ 76ാമത് ദേശീയ സമ്മേളനമാണ് ' എഒഐകോൺ 2025

മുംബൈയിൽ താമസിച്ചിരുന്ന ഡോ. പി.വി ചെറിയാൻ എന്ന  മലയാളിയുടെ നേതൃത്വത്തിലായിരുന്നു അസോസിയേഷൻ ആരംഭിച്ചത്. അദ്ദേഹം തന്നെയായിരുന്നു ആദ്യ പ്രസിഡന്റും. 2000 ൽ ആയിരുന്നു കേരളത്തിൽ ഇതിനു മുമ്പ് സമ്മേളനം നടന്നത്. അന്നും ലേ മെറീഡിയൻ ഹോട്ടലിൽ തന്നെയായിരുന്നു സമ്മേളന വേദി. 25 വർഷത്തിനു ശേഷമാണ് വീണ്ടും കേരളത്തിലും കൊച്ചിയിലും സമ്മേളനം എത്തുന്നത്. 25 വർഷത്തിനു ശേഷം കൊച്ചിയിൽ വീണ്ടും സമ്മേളനം എത്തുമ്പോൾ ഇഎൻടി ചികിൽസാ മേഖലയിൽ തന്നെ ഒട്ടേറ മാറ്റങ്ങൾ സംഭവിച്ചു. ചെവി, മൂക്ക്, തൊണ്ട എന്നിവയിൽ തന്നെ ഒട്ടേറെ  സെപ്ഷ്യാലിറ്റീസ് വന്നു. ചെവിയിൽ തന്നെ കോക്ലിയർ ഇംപ്ലാന്റ്, ചെവിയിൽ പഴുപ്പുണ്ടാകുന്നത് തടയുന്നതിനുള്ള ശസ്ത്രക്രിയ. ഇയർ ബാലൻസിംഗുമായി ബന്ധപ്പെട്ട തല കറക്കത്തിനു മാത്രമായുള്ള ചികിൽസ,  തലച്ചോറിനുള്ളിൽ തലോയോട്ടി തുറക്കാതെ മൂക്കിലൂടെ ചെയ്യാൻ സാധിക്കുന്ന എൻഡോസ്കോപ്പിക്ക് സ്കൾ ബേസ് സർജ്ജറി, തൊണ്ടയുമായി ബന്ധപ്പെട്ട് ബുദ്ധിമുകൾക്കുള്ള വിവിധ സർജ്ജറികൾ, ഞരമ്പിനെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ന്യൂറോ ലാറംഗോളജി, ഹെഡ്  ആന്റ് നെക്ക് സർജ്ജറി, പ്ലാസ്റ്റിക് സർജ്ജറി എന്നിങ്ങനെ വിവിധ തലങ്ങളിലേക്ക് ഇഎൻടി ചികിൽസാ മേഖല മാറിക്കഴിഞ്ഞു. തുടക്കത്തിൽ രണ്ടു  ഹാളുകളിലായിട്ടായിരുന്നു സമ്മേളനത്തിന്റെ ഭാഗമായുള്ള സെമിനാറുകളും ക്ലാസുകളും നടത്തിയിരുന്നതെങ്കിൽ 25 വർഷത്തിനിപ്പുറം 12 ഹാളുകളിൽ ലാണ് ഇ.എൻ.ടി മേഖലയിലെ വിവിധ വിഭാഗങ്ങളിൽ സെമിനാറുകളും പ്രഭാഷണങ്ങളും. ചർച്ചകളും മറ്റും നടത്തുന്നത്. ഒരോരുത്തർക്കും അവർക്ക് താൽപര്യമുള്ള വിഷയങ്ങൾ തിരഞ്ഞെടുത്ത് പങ്കെടുക്കാൻ കഴിയും. ഒരോന്നിലും വിദഗ്ദരായവരാണ് ക്ലാസുകൾ എടുക്കുകയും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്യുന്നത്. വലിയ രീതിയിലുള്ള പുരോഗതിയാണ് ഇ. എൻ.ടി ചികിൽസാ മേഖലയിൽ സംഭവിച്ചിരിക്കുന്നതെന്നും  ഇവ ആഴത്തിൽ അറിയാനും മനസിലാക്കാനും അതുവഴി ഇഎൻടി ഡോക്ടർമാർക്ക് തങ്ങളുടെ ചികിൽസാ രീതികൾ കൂടുതൽ മെച്ചപ്പെടുത്താനും സാധിക്കുമെന്നും ഡോ. മാത്യു ഡൊമിനിക് പറഞ്ഞു.



# പേപ്പർ രഹിതം; വിവരങ്ങൾക്ക് ആപ്പ്



ഡോ. കെ.ജി സജു

കൊച്ചി: നാലു ദിവസമായി എറണാകുളം ലേ മെറീഡിയനിൽ നടക്കുന്ന ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ 76ാമത് ദേശീയ സമ്മേളനം ' എഒഐ കോൺ 2025 സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് പൂർണ്ണമായും പേപ്പർ രഹിത സമ്മേളനമായിരിക്കുമെന്ന് ഓർഗനൈസിംഗ് കമ്മിറ്റി ട്രഷറർ ഡോ. കെ.ജി സജു എന്നിവർ പറഞ്ഞു. കൂടുതൽ പ്രകൃതി സൗഹൃദമാകുകയെന്ന ലക്ഷ്യത്തോടെ മുളകൊണ്ടുള്ള കമാനങ്ങളാണ് സ്ഥാപിക്കുന്നത്. ബ്രോഷറുകൾക്ക് പകരം പ്രത്യേകമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ആപ്പ് വഴിയാണ് സമ്മേളനത്തിന്റെ വിവരങ്ങൾ പ്രതിനിധികൾക്ക് ലഭിക്കുക. നാലായിരത്തോളം പ്രതിനിധികളാണ് സമ്മേളനത്തിന് എത്തുന്നത്.ഇവർക്കുള്ള വിവരങ്ങൾ നൽകുന്നിന




ായി ഐഒഎകോൺ 2025 എന്ന പേരിൽ പ്രത്യേക ആപ്പ് രൂപീകരിച്ചിരിക്കുകയാണ്. ഇതിൽ എല്ലാ വിവരങ്ങളും ഉണ്ട്. പ്ലേ സ്റ്റോറിൽ നിന്നും ആപ്പ് സ്റ്റോറിൽ നിന്നും ആപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കും. ഇതിലൂടെ എല്ലാ വിവരങ്ങളും ലഭിക്കും. സമ്മേളനത്തിന്റെ രജിസ്ട്രേഷൻ നടത്തുന്നതും പ്രബന്ധങ്ങൾ സമർപ്പിക്കുന്നതുമെല്ലാം ഈ ആപ്പിലൂടെയാണ്. ഓട്ടോ മാറ്റിക്കായി തന്നെ പ്രബന്ധ അവതരണം ഏതു ഹാൽ എത് സമയത്ത് എന്നിവയടക്കമുള്ള മുഴുവൻ വിവരങ്ങളും പ്രതിനിധികളുടെ ഫോണിൽ എത്തും. ഇതിനു ശേഷം പ്രബന്ധ അവതരണത്തിനു 10 മിനിറ്റ് മുമ്പു തന്നെ ഇതുമായി ബന്ധപ്പെട്ട അറിയിപ്പ് പ്രതിനിധികളുടെ ഫോണിൽ എത്തും. ഇതു വഴി പ്രതിനിധികൾക്ക് പ്രബന്ധഅവതരണത്തിനും അവതരണങ്ങൾ കേൾക്കാനും കൃത്യമായി ഹാളുകളിൽ എത്താൻ സാധിക്കും. കോൺഫ്രൻസിനെത്തുന്ന പ്രതിനിധികളുടെ ഫോട്ടോകളും ആപ്പിലുടെ ലഭിക്കും. സമ്മേളന വേദിയിൽ എവിടെ വെച്ച് ആര് ഫോട്ടോ എടുത്താലും അത് എഐയുടെ സഹായത്തോടെ ഒരോ വ്യക്തിയെയും തിരിച്ചറിഞ്ഞ് അവരുടെ ഫോണിൽ ആ ഫോട്ടോ എത്തും. മൽസരങ്ങളുടെ വിധി നിർണ്ണയത്തിനും ജഡ്ജസിനെസഹായിക്കുന്നതിനുള്ള സംവിധാനവും ആപ്പിൽ സജ്ജീകരിച്ചിട്ടുണ്ട്

# ഇഎൻടി ചികിൽസയിൽ എ.ഐയ്ക്ക് നിർണ്ണായക സ്വാധീനം



ഡോ. പ്രവീൺ ഗോപിനാഥ്

**കൊച്ചി:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ ഐ) ഉപയോഗിച്ചുള്ള രോഗനിർണ്ണയം ഡോക്ടർമാർക്ക് ഏറെ ഉപകാരപ്രദമാണെന്ന് പ്രമുഖ ഇഎൻടി സർജ്ജനും അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ) ദേശീയ സമ്മളനം എഒഐകോൺ 25 ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറി ഡോ. പ്രവീൺ ഗോപിനാഥ് പറഞ്ഞു.ഒരാൾക്ക് രോഗം വരുന്നതിനു മുമ്പു തന്നെ പല ഘടകങ്ങൾ കോർത്തിണ




ക്കി അദ്ദേഹത്തിന് എന്തെല്ലാം അസുഖങ്ങൾ ഭാവിയിൽ വന്നേക്കാം എന്ന് എ ഐ ഉപയോഗിച്ച് കണ്ടെത്താൻ സാധിക്കുമെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. ഇ. എൻ ടി ചികിൽസാ മേഖലിയിൽ എ.ഐ ഉപയോഗിച്ചുള്ള ചികിൽസയ്ക്ക് നിർണ്ണായക സ്വാധീനമാണുള്ളത്. രോഗിയുടെ സ്കാനിംഗ് റിപ്പോർട്ട് കണ്ട് അദ്ദേഹത്തിന്റെ രോഗം എന്തെന്ന് എ ഐ യുടെ സഹായത്തോടെ കൃത്യമായി ഡോക്ടർമാർക്ക് കണ്ടെത്താൻ കഴിയും. ഇന്ത്യയിലുള്ള ഒരു രോഗിയെ ഐ ഐയുടെ സഹായത്തോടെ അമേരിക്കയിലുള്ള ഡോക്ടർക്ക് ചികിൽസിക്കാൻ കഴിയും. റോബോട്ടിക് സർജറിയും ഇ. എൻ ടി ചികിൽസാ മേഖലയിൽ വലിയ മുന്നേറ്റമാണ് വരുത്തിയിട്ടുള്ളത്. വിദഗ്ദനായിട്ടുള്ള ഒരു സർജന് മറ്റൊരു മുറിയിലിരുന്നുകൊണ്ട് റോബോട്ടിന്റെ സഹായത്തോടെ എത്ര സങ്കീർണമായ ശസ്ത്രക്രിയയും കൃത്യമായി ചെയ്യാൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി



# കൊഴുപ്പു കൂട്ടാൻ ചലച്ചിത്ര പിന്നണി ഗായകരുടെ സംഗീത നിശ

**കൊച്ചി:** എഒഐ കോൺ 2025 ദേശീയ സമ്മേളനത്തിന് കൊഴുപ്പു കൂട്ടാൻ ഒരോ ദിവസവും ചലച്ചിത്ര പിന്നണി ഗായകരുടെയും റിയാലിറ്റി ഷോ താരങ്ങളുടെയും അണിയറ പ്രവർത്തകരുടെയും വിവിധ സംഗീത പരിപാടികളും സംഘാടകർ ഒരുക്കിയിട്ടുണ്ട്. പിന്നണി ഗായകരായ അഫ്സൽ, ജ്യോൽസന, റിച്ചുകുട്ടൻ, സ്റ്റീഫൻ ദേവസി, വേദമിത്ര ഉൾപ്പെടെയുള്ളവരുടെ കലാപരിപാടികളാണ് ഒരുക്കിയിരിക്കുന്നത്. ഇതു കൂടാതെ ഇ എൻ ടി ഡോക്ടർ അരുൺ അബ്ദുൾ അസീസിന്റെ കഥകളി അവതരണവും ഉണ്ട്. കൂടാതെ മോഹിനിയാട്ടം, ഒപ്പന, കാവടി, തെയ്യം ഉൾപ്പെടെയുള്ള കലാരൂപങ്ങളും സമ്മേളനത്തിന് കൊഴുപ്പു കൂട്ടും. കാൽ നൂറ്റാണ്ടിനു ശേഷം കേരളത്തിൽ എത്തുന്ന സമ്മേളനം തങ്ങൾ ഉൽസവമായി മാറ്റുകയാണെന്ന് സംഘാടക സമിതി ഭാരവാഹികൾ വ്യക്തമാക്കി. പകൽ പഠനവും രാത്രി ആഘോഷവും എന്ന തരത്തിലാണ് സമ്മേളനം സജ്ജമാക്കിയിരിക്കുന്നത്.സമ്മേളനം കഴിഞ്ഞ് മടങ്ങുന്ന ഓരോ പ്രതിനിധിയുടെ മനസിലും കേരളത്തെ സംബന്ധിച്ചുള്ള മധുരിക്കുന്ന ഓർമ്മകൾ തങ്ങിനിൽക്കണമെന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നും സംഘാടക സമിതി ഭാരവാഹികൾ വ്യക്തമാക്കി.





# അംഗാരനൂപുരം പ്രകാശനം ചെയ്തു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പബ്ലിക്കേഷൻ വിഭാഗം പ്രസിദ്ധീകരിക്കുന്ന പ്രഭാവർമ്മയുടെ 'കനൽചിലമ്പ്' എന്ന കവിതാസമാഹാരത്തിന്റെ ഡോ. എൻ വി പി ഉണിത്തിരി സംസ്കൃത പരിഭാഷ നിർവ്വഹിച്ച 'അംഗാരനൂപുരം' എന്ന കൃതിയുടെ പ്രകാശനം കേന്ദ്ര സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. ശ്രീനിവാസ റാവു നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ നിർവ്വഹിച്ചു. മുൻ പ്രോ വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി ആദ്യപ്രതി ഏറ്റുവാങ്ങി. വൈസ് ചാൻസലർ ഡോ. കെ. കെ. ഗീതാകുമാരി, സിൻഡിക്കേറ്റ് അംഗം ആ!ർ. അജയൻ, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, പ്രൊഫ. വി. ആ!ർ. മുരളീധരൻ, ജോയിന്റ് രജിസ്ട്രാർ സുഖേഷ് കെ. ദിവാകർ എന്നിവർ പങ്കെടുത്തു.



# നവീകരണത്തിലൂടെ ശക്തീകരണം പ്രകാശനം ചെയ്തു

**കാക്കനാട്:** സീറോമലബാർസഭ അധ്യക്ഷൻ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ പ്രഥമ അജപാലന പ്രബോധനം: 'നവീകരണത്തിലൂടെ ശക്തീകരണം' കർദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാടിന് ആദ്യ കോപ്പി നൽകി പ്രകാശനം ചെയ്തു. 2024 ആഗസ്റ്റ് 22 മുതൽ 25 വരെ കൂടിയ അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ നടന്ന പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ അജപാലന പ്രബോധനം പുറത്തിറക്കിയിരിക്കുന്നത്. ഈ അജപാലന പ്രബോധനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ സമയോചിതമായി നടപ്പിലാക്കാൻ മെത്രാന്മാരെയും സമർപ്പിത സമൂഹങ്ങളുടെ അധികാരികളും പ്രത്യേകം ശ്രദ്ധിക്കണമെന്നും, വൈദികരും സമർപ്പിതരും വിശ്വാസികളും അവരോടു പൂർണമായും സഹകരിക്കണമെന്നും മേജർ ആർച്ചുബിഷപ്പ് അഭ്യർത്ഥിച്ചു.



# ശൈത്യകാല രോഗങ്ങൾക്ക് ഹോമിയോപതി ഫലപ്രദം: ഐ എച്ച് എം എ

**കൊച്ചി:**സംസ്ഥാനത്ത്  ശൈത്യകാലത്തുണ്ടാകുന്ന പകർച്ചപനികൾക്കും, ശ്വാസകോശ രോഗങ്ങൾക്കും , ഇൻഫ്ലുവൻസ,ത്വക് രോഗങ്ങൾ എന്നിവയ്ക്കും ഫലപ്രദമായ ചികിൽസ ഹോമിയോപ്പതിയിൽ  ലഭ്യമാണെന്ന് ഇന്ത്യൻ ഹോമിയോപതിക്ക് മെഡിക്കൽ അസോസിയേഷൻ അറിയിച്ചു.

സംസ്ഥാനത്തെ എല്ലാ ഹോമിയോപ്പതി ക്ലിനിക്കുകളിലും ഫലപ്രദമായ ചികിൽസയും പ്രതിരോധ മരുന്നുകളും ലഭ്യമാണ്. എല്ലാ ഹോമിയോ ക്ലിനിക്കുകളിലും ഫീവർ ഒ.പികൾ സജ്ജീകരിച്ചിട്ടുണ്ടെന്നും പൊതുജനം പാർശ്വഫലരഹിതമായ ഹോമിയോപ്പതി മരുന്നുകൾ ഉപയോഗപ്പെടുത്തമെന്നും ഐ. എച്ച്.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. മുഹമ്മദ് ഷമീം, ജനറൽ സെക്രട്ടറി ഡോ പരിമൾ ചാറ്റർജി എന്നിവർ വാർത്താ കുറിപ്പിലൂടെ അറിയിച്ചു.

വ്യക്തി ശുചിത്വം, , ആരോഗ്യപരമായ ഭക്ഷണക്രമം എന്നിവ അവലംബിക്കണമെന്നും ഐ.എച്ച്. എം.എ ആവശ്യപ്പെട്ടു.

# കോട്ടയം മെഡിക്കൽ കോളേജിലെ ബേൺസ് യൂണിറ്റ് ലോകോത്തര നിലവാരത്തിലേക്ക്

**കോട്ടയം:** സർക്കാർ മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക്, ഇലക്ട്രിക് ഡെർമറ്റോം തുടങ്ങിയ അത്യാധുനിക സംവിധാനങ്ങൾ ഈ വർഷം ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതോടെ കോട്ടയം മെഡിക്കൽ കോളേജിലെ ബേൺസ് യൂണിറ്റ് ലോകോത്തര നിലവാരത്തിലേക്ക് ഉയരും. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സ്കിൻ ബാങ്ക് അന്തിമഘട്ടത്തിലാണ്. ഇതിന് പുറമേയാണ് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക് ഉൾപ്പെടെയുള്ള അത്യാധുനിക സംവിധാനങ്ങളൊരുക്കുന്നത്. അപകടങ്ങളാലും പൊള്ളലേറ്റും ത്വക്കിന് കേടുപാട് സംഭവിച്ചവർക്ക് ത്വക്ക് വച്ച് പിടിപ്പിച്ചാൽ അണുബാധയുണ്ടാകാതെ ഒരുപാട് പേരുടെ ജീവൻ രക്ഷിക്കാനാകും. കൂടാതെ രോഗികളെ വൈരൂപ്യത്തിൽ നിന്നും രക്ഷിക്കാനുമാകും. ഈയൊരു ലക്ഷ്യം മുൻനിർത്തിയാണ് സ്കിൻ ബാങ്കുകൾ ആരംഭിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ശരീരത്തിലെ ഏറ്റവും വലിയ അവയവമായ ത്വക്ക് ശേഖരിച്ച് പ്രിസർവ് ചെയ്ത് ആവശ്യമുള്ള രോഗികൾക്ക് നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ വച്ചുപിടിപ്പിക്കുകയാണ് സ്കിൻ ബാങ്കിലൂടെ ചെയ്യുന്നത്. കൃത്യമായ വീതിയിലും ഘനത്തിലും ശരീരത്തിന്റെ പരുക്കേൽക്കാത്ത ഭാഗങ്ങളിൽ നിന്നും ചർമ്മ ഗ്രാഫ്റ്റുകളെടുക്കാൻ ഉപയോഗിക്കുന്ന അത്യാധുനിക ശസ്ത്രക്രിയാ ഉപകരണമാണ് ഇലക്ട്രിക് ഡെർമറ്റോം. ഗുരുതര പൊള്ളലോ ആഘാതമോ മൂലം കേടായ ചർമ്മം പുന:നിർമ്മിക്കുന്നതിനാണ് ഇത് ഉപയോഗിക്കുന്നത്.

2022 ലാണ് കോട്ടയം മെഡിക്കൽ കോളേജിൽ ബേൺസ് യൂണീറ്റ് സാക്ഷാത്ക്കരിച്ചത്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 578 രോഗികളാണ് ഈ വിഭാഗത്തിൽ ചികിത്സ നേടിയത്. 262 സങ്കീർണ ശസ്ത്രക്രിയകളാണ് നടത്തിയത്. ഏർളി ആന്റ് അൾട്രാ ഏർളി എക്സിഷൻ ആന്റ് ഗ്രാഫ്റ്റിംഗ്, എസ്ചാറോട്ടമി  മുതലായ സർജറികൾ ഇവിടെ നടത്തി വരുന്നു.

പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ കീഴിലാണ് ബേൺസ് യൂണിറ്റ് പ്രവർത്തിക്കുന്നത്. ആധുനിക സംവിധാനങ്ങളോടെ 8 കിടക്കകളും, 4 ഐസിയു കിടക്കകളും, ഓപ്പറേഷൻ തീയറ്ററുകളും ഈ വിഭാഗത്തിലുണ്ട്. ബേൺസ് ചികിത്സയിൽ പ്രത്യേക പരിശീലനവും പ്രാവീണ്യവുമുള്ള അതിനായി മാത്രം പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് സർജനാണ് ഇതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. അനസ്തേഷ്യോളജിസ്റ്റ്, ഫിസിയോതെറാപ്പി വിഭാഗം, നഴ്സസ് മുതലായവരുടെ കൂട്ടായ്മയിലൂടെ രോഗികൾക്ക് വേദനയില്ലാതെയും, പൊള്ളലേറ്റവർക്ക് ദീർഘകാലം ഉണ്ടായേക്കാവുന്ന വൈരൂപ്യം ഇല്ലാതെയുമുള്ള അത്യാധുനിക ചികിത്സയാണ് ഇവിടെ ലഭ്യമാക്കുന്നത്.

ഗുരുതരമായി പൊള്ളലേറ്റവരുടെ മരണസംഖ്യ ആഗോള തലത്തിൽ തന്നെ വലുതാണ്. അതേസമയം അനേകം രോഗികളെ രക്ഷിച്ചെടുക്കാൻ ഇവിടത്തെ ബേൺസ് യൂണിറ്റിനായി. വളരെ സങ്കീർണവും ഗുരുതരവുമായി പൊള്ളലേറ്റ രോഗികളെ ചികിൽസിക്കുന്ന ഈ യൂണിറ്റിൽ 2024ലെ മരണ നിരക്ക് 26 ശതമാനം മാത്രമാണെന്നുള്ളത് ഈ വിഭാഗത്തിലെ ചികിത്സയുടെ ഗുണമേന്മയാണ് കാണിക്കുന്നത്. 40 ശതമാനം വരെയുള്ള ആഴത്തിലുള്ള പൊള്ളലുകളും 70 ശതമാനം വരെയുള്ള ആഴം കുറഞ്ഞ പൊള്ളലുകളുമുള്ള (ഞൗല്യളശരശമഹ യൗൃി) നിരവധി രോഗികൾ വൈരൂപ്യമില്ലാതെ ഭേദമായി ഇവിടെ നിന്നും വീട്ടിൽ പോകുന്നു എന്നുള്ളതും അഭിമാനിക്കാവുന്ന നേട്ടമാണ്.

പ്ലാസ്റ്റിക് സർജറി വിഭാഗം മേധാവി ഡോ. ലക്ഷ്മി എം., പ്ലാസ്റ്റിക് സർജറി കൺസൾട്ടന്റ് ബേൺസ് യൂണിറ്റ് ഇൻചാർജ് ഡോ. തോമസ് ഡേവിഡ്, പ്ലാസ്റ്റിക് സർജറി അസോ. പ്രൊഫസർ ഡോ. സാബു സി.പി., പ്ലാസ്റ്റിക് സർജറി അസി. പ്രൊഫസർ ഡോ. ഫോബിൻ വർഗീസ്, അനസ്തേഷ്യോളജിസ്റ്റ് കൺസൾട്ടന്റ് ഡോ. ബിറ്റ്സൻ മുതലായവരുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്.

# ലയൺസ് ലൈഫ് വില്ലേജ് പദ്ധതിയുടെ ശിലാസ്ഥാപനം നടത്തി

**തിരുവനന്തപുരം:** ഭവനരഹിതരായ സാധാരണ ജനങ്ങളുടെ ജീവിതത്തെ മാറ്റിമറിച്ച, ഇന്ത്യയിൽ തന്നെ സമാനതകളില്ലാത്ത ബൃഹത് പദ്ധതിയാണ് ലൈഫ് എന്ന് തദ്ദേശസ്വയംഭരണ, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ്. കിളിമാനൂർ പോങ്ങനാട് എസ്.എസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച, 25 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്ന ലയൺസ് ലൈഫ് വില്ലേജ് പദ്ധതിയുടെ ശിലാസ്ഥാപനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 4,24,800 പേർക്ക് വീട് നിർമ്മിച്ചുനൽകി. 5,38,318 പേർ ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളാണ്. ഒരു ലക്ഷത്തി പതിനാലായിരത്തോളം വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. വീടിന്റെ സുരക്ഷിതത്വത്തിലും സമാധാനത്തിലുമാണ് ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾ. ഓരോരുത്തർക്കും അന്തസ്സോടെ ജീവിക്കാനുള്ള വീടാണ് സർക്കാർ നിർമ്മിച്ചുനൽകുന്നത്.

ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ തുക ഭവനനിർമ്മാണത്തിനായി കേരളം നൽകുന്നു. സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് വലിയ സാമ്പത്തിക ബാധ്യതയാണ്. രാജ്യത്തിന് തന്നെ മാതൃകയായ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും സർക്കാരുമായി കൈകോർക്കുന്നതുകൊണ്ടാണെന്നും മന്ത്രി പറഞ്ഞു.

കിളിമാനൂർ തെന്നൂരിൽ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1.43 ഏക്കറിലാണ് വീടൊരുക്കുന്നത്. 454 ചതുരശ്രയടിയിൽ രണ്ട് കിടപ്പുമുറി, ഹാൾ, അടുക്കള, ശൗചാലയം എന്നീ സൗകര്യങ്ങളുള്ള വീടുകളാണ് നിർമ്മിക്കുന്നത്. കിളിമാനൂരിൽ 25 വീടുകളും ഒരു അമിനിറ്റി സെന്ററുമാണ് നിർമ്മിക്കുന്നത്. ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 എയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ലൈഫ് മിഷനും കൈകോർത്തുകൊണ്ട് 100 കുടുംബങ്ങൾക്കാണ് ലയൺസ് ലൈഫ് വില്ലേജ് പദ്ധതിയിലൂടെ അടച്ചുറപ്പുള്ള ഭവനങ്ങൾ നിർമ്മിച്ചുനൽകുന്നത്.

ഒ.എസ് അംബിക എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കിളിമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.ആർ മനോജ്, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂരജ് ഷാജി, ലയൺസ് ഇന്റർനാഷണൽ 318 എ ഡിസ്ട്രിക്ട് ഗവർണർ എം.എ വഹാബ്, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# ന്യൂറോഡൈവർജന്റ് പ്രശ്നങ്ങളുള്ളവർക്ക് സമൂഹത്തിൽ കൂടുതൽ ഇടപെടാനുള്ള അവസരമൊരുക്കണം: മന്ത്രി

**തിരുവനന്തപുരം:** ന്യൂറോഡൈവർജന്റ് പ്രശ്നങ്ങളുള്ളവരുടെ ഭദ്രമായ ജീവിതത്തിന് വരുമാനദായകമായ തൊഴിൽ ചെയ്യാൻ അവരെ പരിശീലിപ്പിക്കേണ്ടതുണ്ടെന്നും അവർക്ക് സമൂഹത്തിൽ കൂടുതൽ ഇടപെടാനുള്ള അവസരമൊരുക്കി കൊടുക്കുക എന്നത് അവരുടെ വ്യക്തിത്വവികാസത്തിൽ സ്വാധീനം ചെലുത്തുമെന്നും മന്ത്രി പറഞ്ഞു. ന്യൂറോ ഡൈവർജന്റ് ഡിസോർഡറുകൾ സംബന്ധിച്ച് സാമൂഹ്യ നീതി വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഏകദിന ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ഇതിനകം തന്നെ പ്രധാന വിഷയങ്ങളെ ആധാരമാക്കി ഈ മേഖലയിൽ  മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ചെയ്യേണ്ട പ്രവർത്തനങ്ങളെ കുറിച്ച് പ്രാഥമികമായ കാഴ്ചപ്പാടുണ്ട്.  അതിനെ ഒരു ശക്തമായ പ്രൊജക്റ്റ് ആക്കി മാറ്റുകയാണ് വേണ്ടതെന്നും അതിനു ശിൽപശാല സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നുവെന്നും മന്ത്രി പറഞ്ഞു.സംസ്ഥാനത്തെ ഏർളി ഡിറ്റക്ഷൻ ആന്റ് ഏർളി ഇന്റർവൻഷൻ സെന്ററുകൾ വളരെ മികവാർന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. വളരെ ശ്ലാഘനീയമായ നിലയിലാണ് ഏർളി ഡിറ്റക്ഷൻ ആന്റ് ഏർളി ഇന്റർവൻഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത് എന്നാണ് അവിടെ വരുന്ന ന്യൂറോ ഡൈവർജെന്റ് പ്രശ്നങ്ങൾ ഉള്ള കുട്ടികളുടെ മാതാപിതാക്കൾ സാക്ഷ്യം പറയുന്നതിൽ നിന്ന് തനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതെന്ന് പറഞ്ഞു.ഇത്തരം പ്രശനങ്ങൾ അനുഭവിക്കുന്നവരുടെ മാതാപിതാക്കൾ എപ്പോഴും കുട്ടികൾക്കൊപ്പം ഉണ്ടാകണം. അവർക്ക് തൊഴിൽ ചെയ്യാനോ അല്ലെങ്കിൽ ഉല്ലാസം ലഭിക്കുന്ന കാര്യങ്ങളിൽ ഏർപ്പെടാനോ ഒന്നിലും തന്നെ സാധ്യതയില്ലാത്ത  നിലയുണ്ട്. മാതാപിതാക്കളുടെ ശാക്തീകരണവും പ്രധാനപ്പെട്ടതാണെന്ന് മന്ത്രി പറഞ്ഞു.




# 100 കോടി വരുമാനമുള്ള 1000 സംരംഭങ്ങൾ ലക്ഷ്യം: മന്ത്രി പി. രാജീവ്

**കൊച്ചി:** അടുത്ത നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ 1000 എംഎസ് എംഇ സംരംഭങ്ങളെ ശരാശരി 100 കോടി രൂപയ്ക്ക് മുകളിൽ വരുമാനമുണ്ടാക്കുന്നതിലേക്ക് ഉയർത്തുകയാണ് ലക്ഷ്യമെന്ന് മന്ത്രി പി. രാജീവ്. സംസ്ഥാന വ്യവസായ വകുപ്പിൻറെ മിഷൻ 1000 സമ്മേളനം കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാജീവ്. സംസ്ഥാന സർക്കാരിൻറെ വ്യവസായ നയങ്ങളുടെ ഭാഗമായി ആഗോളതലത്തിൽ തന്നെ വിശ്വാസ്യത ഏറിയിട്ടുണ്ട് സംരംഭക വർഷം പദ്ധതിയിലൂടെ മൂന്ന് വർഷം കൊണ്ട് 3,40.202 സംരംഭങ്ങൾ കേരളത്തിൽ തുടങ്ങി. 7,21,000 തൊഴിലവസരമാണ് ഇതു വഴി ഉണ്ടായത്. ഇത്രയും സംരംഭങ്ങളിൽ നിന്നായി 21,838 കോടി രൂപയാണ് സംസ്ഥാനത്ത് നിക്ഷേപമായി ഉണ്ടായതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.ഐടി സേവനമേഖലയ്ക്കപ്പുറം മറ്റ് സാങ്കേതിക കമ്പനികൾ കൂടി കേരളത്തിലേക്ക് വരാൻ താത്പര്യം കാണിക്കുകയാണ്. വലിയ വ്യവസായങ്ങൾക്ക് ഇനി കേരളത്തിൽ പ്രസക്തിയില്ലെങ്കിലും വലിയ വ്യവസായങ്ങൾക്കുള്ള സാങ്കേതിക സേവനം നൽകുന്ന കമ്പനികൾക്ക് കേരളം ഇഷ്ട സ്ഥലമായി മാറിയിരിക്കുകയാണ്. ഓട്ടോമോട്ടീവ് സാങ്കേതികവിദ്യ, ജെനറേറ്റീവ് എഐ, മെഷീൻ ലേണിംഗ് തുടങ്ങിയ സാങ്കേതികവിദ്യയുടെ ഹബ്ബായി കേരളം മാറുകയാണ്. ഹെൽത്ത് കെയർ സാങ്കേതിക വിദ്യയിൽ ഇപ്പോൾ തന്നെ പ്രധാന ഉത്പാദകർ കേരളമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് അധ്യക്ഷത വഹിച്ചു. വ്യവസായവകുപ്പ് ഡയറക്ടർ മിർ മുഹമ്മദ് അലി പ്രഭാഷണം നടത്തി. അഡി. ഡയറക്ടർമാരായ രാജീവ് ജി, ഡോ. കെ എസ് കൃപകുമാർ, എസ്എൽബിസി കൺവീനർ പ്രദീപ് കെ എസ്, കെഡിസ്ക് എക്സി. ഡയറക്ടർ പി എം റിയാസ്, കെഎസ്എസ്ഐഎ വൈസ് പ്രസിഡൻറ് പി ജെ ജോസ്, ഫിക്കി കേരള ഹെൽത്ത് കമ്മിറ്റി ചെയർ ബിബു പുന്നാരൻ, തുടങ്ങിയവർ സംസാരിച്ചു.കെഎസ്ഐഡിസി ജനറൽ മാനേജർ വർഗീസ് മാളാക്കാരൻ, ഡെ. ജനറൽ മാനേജർ ജോസ് കുര്യൻ മുണ്ടയ്ക്കൽ, എസ്ബിഐ ചീഫ് മാനേജർ ജിജു മോഹൻ, കാനറാ ബാങ്ക് ഡിവിഷണൽ മാനേജർ ജോജോ കെ എസ് എന്നിവർ വിവിധ പദ്ധതികളെക്കുറിച്ച് അവതരണം നടത്തി.

# ഇന്ത്യൻ ഫാഷൻ ഫെയർ എക്സ്പോ: രജിഷ വിജയൻ ഫാഷൻ ഐക്കൺ ഓഫ് ദി ഇയർ




**കൊച്ചി:** ഇന്ത്യൻ ഫാഷൻ ഫെയറിന്റെ പുരസ്കാരവേദിയിൽ ഫാഷൻ ഐക്കൺ ഓഫ് ദി ഇയർ ആയി പ്രമുഖ നടി രജിഷ വിജയനെ ആദരിച്ചു. ഫാഷൻ എക്സ്പോയുടെ സമാപനത്തോടനുബന്ധിച്ച് നടത്തിയ പുരസ്കാര വിതരണച്ചടങ്ങുകൾ എറണാകുളം എം പി. ഹൈബി ഈഡനാണ് ഉദ്ഘാടനം ചെയ്തത്. സംസ്ഥാനത്തിന്റെ ഫാഷൻ, ബിസിനസ് മേഖലകളെ വളർത്തുന്നതിൽ ഇത്തരം പരിപാടികൾ വഹിക്കുന്ന പങ്ക് വലുതാണെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ ഫാഷൻ രംഗത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്ത് നടി അഞ്ജലി നായർ എക്സലൻസ് അവാർഡിന് അർഹത നേടി. അങ്കമാലിയിലെ ആഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന ഐ.എഫ്.എഫ്. ഫാഷൻ എക്സ്പോയുടെ മൂന്നാംപതിപ്പിന്റെ ഗ്രാൻഡ് ഫിനാലെ ചടങ്ങുകൾക്കിടെയായിരുന്നു പുരസ്കാര വിതരണം.വ്യത്യസ്തങ്ങളായ മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന പ്രതിഭകൾക്കുള്ള പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. മികച്ച ബാലതാരങ്ങളായി ഡാവിഞ്ചി സന്തോഷിനെയും ആവ്നി അഞ്ജലി നായരെയും തെരെഞ്ഞെടുത്തു. ഇ. അയൂബ്ഖാൻ ആണ് ബിസിനസ്മാൻ ഓഫ് ദി ഇയർ. ലെജൻഡ്സ് ഓഫ് ഗാർമെൻറ്സ് ഇൻഡസ്ട്രി എന്ന പുരസ്കാരം മുജീബ് കുടുംബത്തിന് നൽകി. യങ്ങ് ബിസിനസ്മാൻ ഓഫ് ദി ഇയർ പുരസ്കാരം മാലിക് കരസ്ഥമാക്കി. ഐപ്പ് വള്ളിക്കാടൻ ആണ് മികച്ച സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ. മികച്ച ഫാഷൻ സംരംഭകനുള്ള പുരസ്കാരം നേടിയത് ആർ.കെ. വെഡിങ് മാളിന്റെ നവാസ് എം.പിയാണ്. ശോഭിക വെഡിങ് യൂണിറ്റി അവാർഡ് നേടി. ഫാഷൻ സ്റ്റോർ ഓഫ് ദി ഇയർ ആയി തെരഞ്ഞെടുക്കപ്പെട്ടത് വെഡ്‌ലാൻഡ് വെഡിങ്സ് ആണ്. റീറ്റെയ്ൽ ചെയിൻ ഓഫ് ദി ഇയർ പുരസ്കാരം സെഞ്ചുറി ഫാഷൻ സിറ്റി സ്വന്തമാക്കി.ഐ.എഫ്.എഫ് ഫാഷൻ ഫെയർ പ്രോഗ്രാം വൈസ് ചെയർമാൻ ഷാനിർ ജെ, കൺവീനർ സമീർ മൂപ്പൻ, പ്രോഗ്രാം ഡയറക്ടർ ഷഫീഖ് പി.വി, ചെയർമാൻ സാദിഖ് പി.പി, ജോയിന്റ് കൺവീനർ ഷാനവാസ് പി.വി എന്നിവർ സംസാരിച്ചു.




# ആർ എം ബി എഫ് കൊച്ചിൻ കിങ്സ് ഭാരവാഹികൾ സ്ഥാനമേറ്റു

**കൊച്ചി:** റോട്ടറി മീൻസ് ബിസിനസ് ഫെല്ലോഷിപ്പ് (ആർഎംബിഎഫ്) കൊച്ചിൻ കിങ്സ് ഭാരവാഹികൾ സ്ഥാനമേറ്റു. സുദിൻ ജോൺ വിളങ്ങാടൻ ചെയർമാനായുള്ള കമ്മിറ്റിയാണ് അധികാരമേറ്റത്. ഡെന്റ്കെയർ ഡെന്റലാബ് മാനേജിംഗ് ഡയറക്ടർ ജോൺ കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. ജീവിതത്തിൽ ഒരിക്കലും ഉയർച്ച ഉണ്ടാവില്ലെന്ന് കരുതിയ വ്യക്തിയായിരുന്നു താനെന്ന് ജോൺ കുര്യാക്കോസ് പറഞ്ഞു.

ഡെന്റൽ മേഖലയിലെ അനന്തസാധ്യത മനസിലാക്കിയാണ് ഈ മേഖല തെരഞ്ഞെടുത്തത്. രണ്ട് ഉത്പന്നങ്ങളിൽ തുടങ്ങി ഇന്ന് 450 ലേറെ ഉത്പന്നങ്ങൾ കമ്പനിക്കുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ആർഎംബിഎഫിലൂടെ കഴിഞ്ഞ ആറു മാസത്തിനിടയിൽ എട്ടരക്കോടി രൂപയുടെ ബിസിനസ് ലീഡുകൾ നടത്താൻ കഴിഞ്ഞതായി ജയരാജ് കുളങ്ങര ചൂണ്ടിക്കാട്ടി.

റോട്ടറി അംഗങ്ങളുടെ ബിസിനസ് ഫെലോഷിപ്പാണ് ആർഎംബിഎഫ്.സ്ഥാനമൊഴിഞ്ഞ ചെയർമാൻ ജയരാജ് കുളങ്ങര അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ പ്രിൻസ് ഫ്രാൻസിസ് സ്വാഗതം പറഞ്ഞു. ജെറി മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. സെക്രട്ടറി വിവേക് ഷേണായ് നന്ദി പറഞ്ഞു.



# നിർമ്മാണ കമ്പനികളുമായി സിഫ്ട് ധാരണാപത്രം ഒപ്പിട്ടു

**കൊച്ചി:** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്ട് വിവിധ നിർമാണ കമ്പനികളുമായി ധാരണാപത്രത്തിൽ ഒപ്പിട്ടു.

ക്രാഫ്റ്റ് വർക്ക് സോളാർ പ്രൈവറ്റ് ലിമിറ്റഡ് കൊച്ചി, ആലപ്പുഴയിലെ അഗ്രോ ത്രീസ്റ്റാർ മെഷിനറീസ് പ്രൈവറ്റ് ലിമിറ്റഡ്, ഡെൽമാർക്ക്, തൃശൂർ കൂടാതെ ക്യാപ്റ്റ് സ്റ്റീൽ എക്യുപ്മെന്റ് & ഫർണിച്ചർ, പെരുമ്പാവൂർ, എറണാകുളം എന്നീ നിർമാണ കമ്പനികളുമായയാണ് ധാരണാപത്രത്തിൽ സിഫ്ട് ഒപ്പിട്ടത്.ഈ കമ്പനികൾ ഡ്രയറുകൾ, ഫിഷ് വെൻഡിംഗ് കിയോസ്കുകൾ, സോളാർ ടണൽ ഡ്രയർ, സോളാർ ഡ്രയറുകൾ, തുടങ്ങി നൂതന ഉപകരണങ്ങൾ നിർമ്മിക്കുന്നു.

മത്സ്യബന്ധന മേഖലയുടെയും അനുബന്ധ മേഖലകളുടെയും പുരോഗതി ലക്ഷ്യമിട്ട് ചെലവ് കുറഞ്ഞതും ഊർജകാര്യക്ഷമവുമായ നിരവധി ഭക്ഷ്യ സംസ്കരണ സാങ്കേതികവിദ്യകൾ സിഫ്ട് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ സാങ്കേതികവിദ്യകൾ ഓഹരി ഉടമകൾക്ക് ന്യായമായ വിലയിൽ ലഭിക്കുന്നത് ഉറപ്പുവരുത്തുന്നതിനും വലിയ തോതിലുള്ള വാണിജ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും, ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് സിഫ്ട് ഈ സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.സിഫ്ട് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ നിർമാണ കമ്പനികളുടെ പ്രതിനിധികളുമായി കരാറുകളിൽ ഒപ്പുവെക്കുകയും ധാരണാപത്രം കൈമാറുകയും ചെയ്തു.

ഈ സഹകരണം താങ്ങാനാവുന്ന വിലയും ഗുണമേന്മയും ഉറപ്പാക്കുന്നതിനൊപ്പം നൂതന ഭക്ഷ്യ സംസ്കരണ ഉപകരണങ്ങളുടെ ലഭ്യത മെച്ചപ്പെടുത്തുന്നുമെന്നും പ്രതീക്ഷിക്കുന്നു.

# ഐസിഎൽ ഫിൻകോർപ്പ് സെക്യൂർഡ് എൻസിഡി പബ്ലിക് ഇഷ്യു ആരംഭിച്ചു

**കൊച്ചി:** മൂന്നു പതിറ്റാണ്ടിലേറെ സേവനപാരൃമ്പര്യമുള്ള ദക്ഷിണേന്ത്യയിലെ പ്രമുഖ നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനിയായ ഐസിഎൽ ഫിൻകോർപ്പ് CRISIL BBB-STABLE റേറ്റിംഗുള്ള സെക്യൂർഡ് റെഡീമബിൾ എൻസിഡികൾ പ്രഖ്യാപിച്ചു. ജനുവരി എട്ടു മുതൽ സബ്ക്രിപ്ഷനുകൾ ആരംഭിച്ചു. ജനുവരി 21 വരെ ഇഷ്യു ലഭിക്കും.

പൂർണ്ണമായി സബ്സ്ക്രൈബ് ചെയ്തിട്ടുണ്ടെങ്കിൽ നേരത്തെ തന്നെ ഇഷ്യു അവസാനിക്കും. ആയിരം രൂപയാണ് എൻസിഡിയുടെ മുഖവില. 68 മാസത്തെ കാലാവധിക്ക് ഇരട്ടി തുകയാണ് നിക്ഷേപകന് കമ്പനി വാഗ്ദാനം ചെയ്യുന്നത്. 60 മാസത്തേക്ക് 12.50%, 36 മാസത്തേക്ക് 12.00%, 24 മാസത്തേക്ക് 11.50%, 13 മാസത്തേക്ക് 11.00% എന്നിങ്ങനെയാണ് ഓരോ കാലയളവിലെയും ഉയർന്ന പലിശ നിരക്ക്. 10 നിക്ഷേപ ഓപ്ഷനുകൾ നൽകിക്കൊണ്ട് നാല് വ്യത്യസ്ത സ്കീമുകളാണ് കമ്പനി വാഗ്ദാനം ചെയ്യുന്നത്.

10,000 രൂപയാണ് കുറഞ്ഞ ആപ്ലിക്കേഷൻ തുക. ഇഷ്യു ഘടന മനസിലാക്കാൻ www.iclfincorp.com ൽ നിന്ന് നിക്ഷേപകർക്ക് ഇഷ്യൂ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യാം.

ഇഷ്യുവിലൂടെ സമാഹരിക്കുന്ന പണം കമ്പനിയുടെ ഗോൾഡ് ലോൺ സേവനം കൂടുതൽ ശക്തിപ്പെടുത്താനും നൂതന സാമ്പത്തിക സേവനങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തിക്കാനുമാണ് ഐസിഎൽഫിൻകോർപ്പ് ലക്ഷ്യമിടുന്നതെന്ന് സിഎംഡി അഡ്വ. കെ. ജി. അനിൽകുമാർ, വൈസ് ചെയർമാനും സിഇഒയുമായ ഉമ അനിൽ കുമാർ എന്നിവർ പറഞ്ഞു. അപേക്ഷാ ഫോറം വെബ്സൈറ്റിൽ നിന്നും ലഭിക്കും.നിക്ഷേപകർക്ക് അടുത്തുള്ള ഐസിഎൽ ഫിൻകോർപ്പ് ബ്രാഞ്ച് സന്ദർശിക്കുകയോ 1800 31 333 53, +91 85890 01187, +91 85890 20137, +91 85890 20186 എന്നീ നമ്പറുകളിൽ വിളിക്കുകയോ ചെയ്യാം. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിശ്ചയിച്ചിട്ടുള്ള ഉയർന്ന നിലവാരം പാലിച്ച് പ്രവർത്തിക്കുന്ന ഐസിഎൽ ഫിൻകോർപ്പിന് കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന, കർണാടക, ഒഡീഷ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നിവിടങ്ങളിൽ ശാഖകളുണ്ട്. തമിഴ്നാട്ടിൽ 92 വർഷത്തിലേറെ സേവന പാരമ്പര്യമുള്ള BSEലിസ്റ്റഡ് NBFCയായ സേലം ഈറോഡ് ഇൻവെസ്റ്റ്മെന്റ്സിനെ ഏറ്റെടുത്തതോടെ ഐസിഎൽ ഫിൻകോർപ്പിന്റെ വിപണി സ്ഥാനം കൂടുതൽ ശക്തമായിട്ടുണ്ട്.

ഗോൾഡ് ലോൺ, ഹയർ പർച്ചേസ്, ഇൻവെസ്റ്റ്മെന്റ്സ്, ഹോം ഇൻഷുറൻസ്, ഹെൽത്ത് ഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ് തുടങ്ങിയ സേവനങ്ങളും ഇൻഷുറൻസ് ഗൈഡൻസും ഐസിഎൽ ഫിൻകോർപ്പ് പ്രദാനം ചെയ്യുന്നുവെന്നും ഇവർ വ്യക്തമാക്കി.

# സെഹത് കാ സഫർ 3ാം എഡിഷൻ പ്രഖ്യാപിച്ച് കൊടാക് മഹീന്ദ്ര ബാങ്ക്




**കൊച്ചി:** രാജ്യത്തെ വാണിജ്യ വാഹനങ്ങളുടെ ഡ്രൈവർമാരുടെ ആരോഗ്യവും സുരക്ഷയും ഉറപ്പാക്കുന്നതിനായി കൊടാക് മഹീന്ദ്ര ബാങ്കിന്റെ സിഎസ്ആർ പദ്ധതിയായ സെഹത് കാ സഫറിന്റെ മൂന്നാം പതിപ്പ് പ്രഖ്യാപിച്ചു. രാജ്യത്തുടനീളമുള്ള 45 പ്രധാന നഗരങ്ങളിലേക്ക് മൂന്നാം പതിപ്പിൽ ഈ പദ്ധതി വ്യാപിപ്പിക്കും. കഴിഞ്ഞ പതിപ്പിൽ 30 സ്ഥലങ്ങളിലായാണ് ക്യാമ്പ് സംഘടിപ്പിക്കപ്പെട്ടത്. 4000 ത്തോളം ട്രക്ക് ഡ്രൈവർമാർക്ക് സൗജന്യ ആരോഗ്യപരിശോധനാ സൗകര്യം ഈ ക്യാമ്പുകളിലൂടെ ലഭ്യമാകും.

ദുലൈജാൻ, ദുർഗാപൂർ, പറ്റ്ന, ഡെൽഹി, കോയമ്പത്തൂർ, ഭോപ്പാൽ തുടങ്ങി ഉയർ വാഹന സാന്ദ്രതയുള്ള ട്രാൻസ്പോർട്ട് ഹബുകളിലാണ് ഈ ക്യാമ്പുകൾ സംഘടിപ്പിക്കുക. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ സുപ്രധാന പങ്ക് വഹിക്കുന്ന ഡ്രൈവർമാരുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്തുവാനുള്ള കൊടാക് മഹീന്ദ്ര ബാങ്കിന്റെ പ്രതിബദ്ധതയുടെ ഭാഗമാണ് ഈ പദ്ധതിയെന്ന് കൊടാക് മഹീന്ദ്ര ബാങ്ക് പ്രസിഡന്റ് , ലോജിസ്റ്റിക്സ് ആന്റ് ഇൻഫ്രാസ്ട്രക്ചർ അമിത് മോഹൻ പറഞ്ഞു. ആരോഗ്യപരിശോധനകൾക്ക് പുറമേ, ദൈനംദിന ആരോഗ്യപരിചരണ ശീലങ്ങളെക്കുറിച്ച് ക്യാമ്പിലെ കൗൺസിലർമാർ ഡ്രൈവർമാർക്ക് ബോധവത്ക്കരണ ക്ലാസുകൾ നൽകുകയും, അവർക്കായി സർക്കാർ തയ്യാറാക്കിയിട്ടുള്ള വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യും. മുഴുവൻ ക്യാമ്പുകളിലും ഡോക്ടേഴ്സ് ഫോർ യുവിൽ നിന്നുള്ള ഡോക്ടർമാരും നഴ്സുമാരുമുണ്ടായിരിക്കും. ഈ വർഷം 45 സ്ഥലങ്ങളിലേക്ക് കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിലൂടെ കൂടുതൽ ഡ്രൈവർമാർക്ക് ഇതിന്റെ നേട്ടം കൈവരിക്കാനാകുമെന്നാണും അമിത് മോഹൻ പറഞ്ഞു.




# മഹീന്ദ്ര ബിഇ 6, എക്സ്ഇവി 9ഇ ടോപ് വേരിയന്റുകളുടെ വില പ്രഖ്യാപിച്ചു

**കൊച്ചി:** മഹീന്ദ്ര തങ്ങളുടെ മുൻനിര ഇലക്ട്രിക് ഒറിജിൻ എസ്യുവികളുടെ ടോപ്പ്എൻഡ് (പായ്ക്ക് ത്രീ) വേരിയന്റുകളായ ബിഇ 6, എക്സ്ഇവി 9ഇ എന്നിവയുടെ വില പ്രഖ്യാപിച്ചു. പൂനെയിൽ നടന്ന അൺലിമിറ്റ് ഇന്ത്യടെക് ഡേയിലായിരുന്നു നിർണായക പ്രഖ്യാപനം. 2024 നവംബറിലായിരുന്നു ഈ രണ്ട് മോഡലുകളുടെയും അവതരണം. ബിഇ 6 വേരിയൻറിന് 26.9 ലക്ഷം രൂപയും, എക്സ്ഇവി 9ഇ വേരിയൻറിന് 30.5 ലക്ഷം രൂപയുമാണ് വില. ഇരു വേരിയൻറുകളും യഥാക്രമം 39,224/മാസം, 45,450/മാസം എന്നിങ്ങനെ പ്രത്യേക ഇഎംഐ സ്കീമിലൂടെയും ലഭ്യമാവും. ഘട്ടം ഘട്ടമായുള്ള ടെസ്റ്റ് ഡ്രൈവുകൾ 2025 ജനുവരി 14 മുതൽ ആരംഭിക്കും. 2025 ഫെബ്രുവരി 14ന് ഒരേസമയം ബുക്കിങ്ങുകൾ ആരംഭിക്കുമെന്നും കമ്പനി അറിയിച്ചു. 2025 മാർച്ച് ആദ്യം ഡെലിവറികൾ ആരംഭിക്കാനാവുമെന്നാണ് പ്രതീക്ഷ. മറ്റ് പായ്ക്കുകളുടെ വിശദാംശങ്ങളും ബുക്കിങ്ങുകളുടെ അടുത്ത ഘട്ടവും 2025 മാർച്ച് അവസാനത്തോടെ അപ്ഡേറ്റ് ചെയ്യും.

പ്രീമിയം സാങ്കേതികവിദ്യയെ ജനകീയമാക്കുന്നതിനുള്ള കാഴ്ചപ്പാടിന് അനുസൃതമായാണ് പായ്ക്ക് ത്രീ വേരിയൻറുകൾ രൂപകൽപന ചെയ്തിരിക്കുന്നതെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഓട്ടോമോട്ടീവ് സെക്ടർ പ്രസിഡൻറും മഹീന്ദ്ര ഇലക്ട്രിക് ഓട്ടോമൊബൈൽ ലിമിറ്റഡിൻറെ ജോയിൻറ് മാനേജിങ് ഡയറക്ടറുമായ വീജയ് നക്ര പറഞ്ഞു.

പായ്ക്ക് ത്രീ കൂടുതൽ ആളുകൾക്ക് പ്രാപ്യമാക്കുന്നതിനായി ത്രീ ഫോർ മി എന്ന പേരിൽ ഫിനാൻസ് സ്കീമും മഹീന്ദ്ര അവതരപ്പിച്ചിട്ടുണ്ട്. ആറ് വർഷ കാലാവധിയോടെ പ്രതിമാസ ഇഎംഐയിൽ പായ്ക്ക് ത്രീ വേരിയൻറുകൾ സ്വന്തമാക്കാൻ ഇതിലൂടെ ഉപഭോക്താക്കൾക്ക് അവസരം ലഭിക്കും. 79 കിലോവാട്ട് ബാറ്ററി പായ്ക്കിൽ 500 കിലോമീറ്ററിലധികം റിയൽവേൾഡ് റേഞ്ചാണ് കമ്പനി പായ്ക്ക് ത്രീ വേരിയൻറിന് വാഗ്ദാനം ചെയ്യുന്നത്. വൈഡ് സിനിമാസ്കോപ്പ്, ഡിജിറ്റൽ കോക്ക്പിറ്റ്, ഓഗ്മെൻറഡ് റിയാലിറ്റി ഹെഡ്സ് അപ്പ് ഡിസ്പ്ലേ, ഇൻഫിനിറ്റി റൂഫ്, സോണിക് സ്റ്റുഡിയോ എക്സ്പീരിയൻസ്, മൾട്ടി ഡ്രൈവ് മോഡ്സ്, അഞ്ച് റഡാറുകളും വിഷൻ സംവിധാനവുമുള്ള എഡിഎഎസ് ലെവൽ 2+, ഐ ഐഡൻറിറ്റി, 360 ഡിഗ്രി ക്യാമറ, ഓട്ടോപാർക്ക് എന്നിവയാണ് പായ്ക്ക് ത്രീയുടെ മറ്റു സവിശേഷതകളെന്നും അദ്ദേഹം പറഞ്ഞു.






RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com